കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചോക്കാട് ഗ്രാമ പഞ്ചായത്ത്

# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ/എം.പി.എം 26/3448/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

തീയതി 06.02.2017

e-mail:dompm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചോക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –

സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ/എം.പി.എം 26/3448/2016

തിയ്യതി: 06.02.2017

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2016 മുതൽ 27.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജഹാൻ.എ.എസ്,ഡെപ്യൂട്ടിഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 28.11.2016 മുതൽ 08.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സതീഷ് എം.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.സക്കീർഹുസൈൻ.പി | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അമീൻഫൈസൽ.ടി.ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പൈനാട്ടിൽ അഷ്റഫ്<br>ലൈല എം. (വൈസ് പ്രസിഡന്റ്)- പ്രസിഡന്റ് -ഇൻ- ചാർജ്<br>അഡ്മിനിസ്ട്രേറ്റീവ് ബോർഡ്<br>ശ്രീമതി.ഷാഹിന ഗഫൂർ | 01.04.2015മുതൽ 10.11.2015 വരെ<br>11.11.2015 മുതൽ 25.12.2015 വരെ<br>26.12.2015 മുതൽ 31.12.2015 വരെ<br>01.01.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ<br>ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | സിദ്ദീഖ് വടക്കൻ | 01.04.2015മുതൽ 31.03.2016വരെ |
| അസി.സെക്രട്ടറി | അബ്ദുൽ മജീദ്.പി.എം | 01.04.2015മുതൽ 26.07.2015വരെ |
| | രഘുനാഥൻ(ജെ.എസ്, അധിക ചുമതല) | 27.07.2015മുതൽ24.08.2015വരെ |

| | | |
|---|---|---|
| | രേഖ.കെ | 25.08.2015മുതൽ 31.03.2016വരെ |
| അസി.എൻജിനീയർ | നിഖിൽ രാജ്.സി.എൻ | 01.04.2015മുതൽ 18.05.2015 വരെ |
| | മുരളീകൃഷ്ണൻ.സി.ആർ | 19.05.2015 മുതൽ 18.06.2015 വരെ |
| | നാരായണി.പി<br>(LSGD, Kalikavu GP- Add. Charge) | 19.06.2015 മുതൽ 21.06.2015വരെ |
| | സുബിൻ.എസ്.ജെ<br>(LSGD, Kalikavu Division-Add. Charge) | 22.06.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ | | |
| പി.എച്ച്.സി | ഡോ.ബിനു.പിടി | 01.04.2015മുതൽ 31.03.2016വരെ |
| ജി.എ.ഡി | ഡോ.കേശിവിനി.വി.കെ<br>ഡോ.കബീർ (അധിക ചുമതല)<br>ഡോ.കേശിവിനി.വി.കെ<br>ഡോ.കബീർ (അധിക ചുമതല)<br>ഡോ.കേശിവിനി.വി.കെ<br>ഡോ.കബീർ (അധിക ചുമതല) | 01.04.2015മുതൽ 20.05.2015വരെ<br>21.05.2015മുതൽ 06.06.2015വരെ<br>07.06.2015മുതൽ 09.09.2015വരെ<br>10.09.2015മുതൽ 30.09.2015വരെ<br>01.10.2015മുതൽ 14.10.2015വരെ<br>15.10.2015മുതൽ 31.03.2016വരെ |
| ഹോമിയോ | ഡോ.ഷമി.പി<br>ഡോ.സാബിറ.കെ.പി<br>ഡോ.ആയിഷ ഹുസ്നാൻ | 01.04.2015മുതൽ 15.01.2016വരെ<br>16.01.2016മുതൽ 26.03.2016വരെ<br>27.01.2016മുതൽ 31.03.2016വരെ |
| വെറ്ററനറി സർജൻ | ഡോ.അൻവർ.കെ.പി | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീജ.കെ.വി | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ജോർജ് മാന്വൽ | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സൈനബ.എ | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | സുനിൽ. എ.ആർ | 01.04.2015മുതൽ 31.03.2016വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ്. | 2-1 | |
| 13 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 | |
| | ഭാഗം 3 | | |
| 14 | ആശ്രയ രണ്ടാം ഘട്ടം; അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-1 | |
| 15 | മരാമത്ത് പ്രവൃത്തി- ഡ്രൈനേജ് ഫോം പ്രവർത്തി അധികം അളവ് അനുവദിച്ചത് | 3-2 | |
| 16 | റോഡ് ഫോർമേഷൻ- അധിക നിരക്ക് നൽകിയത് | 3-3 | |
| 17 | മണ്ണ് സംരക്ഷണ പ്രവർത്തിക്ക് സിമന്റ് ചാന്ത് ഉപയോഗിച്ച് കരിങ്കൽകെട്ട് അനുവദിച്ചത് | 3-4 | |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ- നേരിടുന്ന പ്രശ്നങ്ങൾ | 3-5 | |
| 19 | മരാമത്ത് പ്രവൃത്തികൾ -അപാകതകൾ | 3-6 | |
| 20 | വിദ്യർഥികൾക്ക് പഠനോപകരണം - സബ്സിഡി ലിമിറ്റ് പാലിച്ചില്ല | 3-7 | |
| 21 | പൈപ്പ് കംമ്പോസ്റ്റ്- 388497 രൂപ രണ്ട് വർഷമായിട്ടും വിനിയോഗിക്കാനായില്ല | 3-8 | |
| 22 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-9 | |
| 23 | ഐ.എ.വൈ വിഹിതം അധികം അടവാക്കി | 3-10 | |
| 24 | മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 3-11 | |
| 25 | പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്ന് പ്രയോജനപെടുത്തുന്നില്ല. | 3-12 | |
| 26 | സെക്രട്ടറിയുടെ പ്രോജക്ടുകൾ നിർവഹണം നടത്തുന്നില്ല. | 3-13 | |
| 27 | ഭവന നിർമാണം പൂർത്തിയാക്കിയില്ല. | 3-14 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16വർഷത്തെ ബജറ്റ് 30.03.2015 തിയതിയിലെ 02 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 14.07.16 | --- | --- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 01.12.2016, 02.12.2016 | ഇതേ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
2. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് റജിസ്റ്റർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് (Sundry Debtors- receivables) പ്രൊവിഷൻ നൽകിയിട്ടില്ല.
4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. റസീപ്റ്റ് & പേയ്മെന്റ് പത്രിക എല്ലാമാസവും നിശ്ചിത സമയപരിധിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.
6. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 41720333 |
| വരവ് | 62002543 |
| ആകെ | 103722876 |
| ചെലവ് | 86249622 |
| നീക്കിയിരിപ്പ് | 17473254 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം).

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ടത് | ചെലവ് ശതമാനം | നീക്കിയിരിപ്പ് (RP 40b പ്രകാരം) |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 6150251 | 11951666 | 8176058 (+) | 26277975 | 14719858 | 11558117 | 56 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 1849187 | 4655187 | 629187 (-) | 5875157 | 3742951 | 2132236 | 64 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 450000 | 1133736 | 153736 (-) | 1430000 | 1000812 | 429188 | 70 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1122563 | 3467000 | - | 4589563 | 4482822 | 106741 | 98 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1409157 | 3793000 | - | 5202157 | 3369553 | 1832604 | 65 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5476772 | 9282211 | 4362023 (-) | 10396960 | 10348465 | 48495 | 99 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3931112 | 3031112 | 3031112 (-) | 3931112 | 1081112 | 2850000 | 27 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 10862065 | - | 10862065 | 10860090 | 1975 | 100 | 1975 |
| ബി ഫണ്ട് | 0 | 31865423 | - | 31865423 | 31865423 | - | 100 | 0 |

പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭിച്ചിട്ടുള്ള വികസന ഫണ്ടുകളുടെയും, സംരക്ഷണ ഗ്രാന്റുകളുടെയും വിനിയോഗം ആശാവഹമല്ല. ഉൽപാദന/സേവന/പശ്ചാതല മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കും, കൈമാറി കിട്ടിയ സ്ഥാപനങ്ങൾപ്പടെയുള്ള ആസ്ഥികളുടെ സംരക്ഷണത്തിനുമായി ലഭിച്ചിട്ടുള്ള 5,77,02,924/- രൂപയിൽ 1,89,57,381/- രൂപ സമയബന്ധിതമായി ചെലവഴിക്കുന്നതിലെ വീഴ്ച മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഇത്രയും ഭീമമായ ഫണ്ട് ലാപ്സായത് പദ്ധതി ആസൂത്രണത്തിലെയും, നിർവ്വഹണത്തിലെയും പോരായ്മകൊണ്ടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ആസൂത്രണവും, നിർവ്വഹണവും കാര്യക്ഷമമാക്കി പഞ്ചായത്തിൽ നടപ്പിലാക്കേണ്ട വികസന/ ക്ഷേമ പ്രവർത്തനങ്ങളുടെ ഫണ്ടുകൾ ലാപ്സാവുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 61424840 | 180 | 42253832 | 11 | 43 | 78 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4672205 | 2872459 | 1799746 | 39 (-) |
| നികുതിയേതര വരവുകൾ | 379170 | 344075 | 35095 | 9 (-) |
| മറ്റുവരവുകൾ | 144487 | 173899 | 29412 | 21 (+) |
| ആകെ | 5195862 | 3390433 | 1805429 | 35(-) |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 303840 | 179 |
| കർഷകതൊഴിലാളി പെൻഷൻ | 1567440 | 176 |
| വിധവാപെൻഷൻ | 14641560 | 1460 |
| വാർദ്ധക്യകാലപെൻഷൻ | 10786980 | 1419 |
| വികലാംഗപെൻഷൻ | 3557375 | 334 |
| അവിവാഹിതാ പെൻഷൻ | 444880 | 17 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 510000 | 46 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് 2621/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 | 01.09.16-- 30.09.16 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 | 2008-09-- 2012-13 | 18.02.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ്.

(1). നിലവിൽ പഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ കരുവാരകുണ്ട് സബ് ട്രഷറി മുഖേനയാണ് (ബാങ്കിംഗ് ട്രഷറി) നടത്തുന്നത്. നോൺ ബാങ്കിംഗ് ട്രഷറിയായിരുന്ന കാലയളവിൽ ട്രഷറി ഇടപാടുകൾ നടത്തുന്നതിന് ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ തുടരേണ്ട സാഹചര്യം നിലവിലില്ല. ആയതിനാൽ ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ/ പേര് | ബാങ്ക് | നീക്കിയിരുപ്പ് (31.03.2016) |
|---|---|---|---|
| 01 | PNB Plan Old | PNB, Kalikav | 28,801 |
| 02 | SMGB Plan Old | KGB, Chokkad | 5,13,071 |

മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(2). വി.ഇ.ഒ മാർക്ക് പ്രത്യേക അകൗണ്ട് തുടങ്ങുന്നതിന് 15.07.2014 ൽ ത.സ്വ.ഭ. വകുപ്പ് സർക്കുലർ ഇറക്കിയിരുന്നു. എന്നാൽ ബാങ്കിങ്ങ് ട്രഷറിയിൽ ഇത്തരം അകൗണ്ടുകൾ നിലനിർത്തുന്നത് GO(P)177/2006 Fin 12.04.2006 ഉത്തരവിന് വിരുദ്ധമായതിനാൽ പിന്നീട് സർക്കുലർ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ , ചോക്കാട് പഞ്ചായത്തിൽ വി.ഇ.ഒ മൂന്ന് അക്കൌണ്ടുകൾ നിലനിർത്തുന്നതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| അകൗണ്ട് നമ്പർ | ബാലൻസ് | തിയ്യതി |
|---|---:|---:|
| 2121ചോക്കാട് സർവീസ് ബാങ്ക് | 158510 | 31.03.2016 |
| 6554 കേരള ഗ്രാമീൺ ബാങ്ക് | 104051 | 02.02.2015 |
| 8378 SMGB | 8378 | 02.05.2016 |

അകൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വിവരം പ്രഥമ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവ ചുമത്തുന്നതിലും പിരിച്ചെടുക്കുന്നതിലും വീഴ്ച്ചയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അപാകതകൾ/ പരാമർശം |
|---|---|
| വസ്തു നികുതി | 1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നിലവിലുള്ള കെട്ടിടങ്ങളോട് കൂടി കൂട്ടിചേർക്കുന്നതിന് (Extension) പെർമിറ്റ് നൽകിയ ഭൂരിഭാഗം കേസുകളിലും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കുകയോ, കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്യാത്തത് മൂലം നികുതി വരുമാനത്തിൽ കുറവ് ഉണ്ടാവുന്നു.<br>2. താമസാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ പഞ്ചായത്തിന്റെ അനുമതികൂടാതെ ഒക്യുപൻസി മാറ്റി വാണിജ്യ ാവശ്യത്തിന് ഉപയോഗിക്കുന്നില്ലന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധന നടത്തേണ്ടതാണ്.<br>3. ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള ക്ലാർക്/ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും സെക്രട്ടറി ആയതിന്മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്. |
| തൊഴിൽ നികുതി | 1. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ/ വ്യവസായം/ വിദ്യാഭ്യാസം ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ അസസ്സ്മെന്റുകളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>2. തൻവർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>3. തൊഴിൽ നികുതി റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുമായി ഒത്തുനോക്കേണ്ടതാണ് (അർദ്ധ വാർഷിക വരുമാനം വളരെ കുറവായി കാണിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ). |
| ഡി & ഒ ലൈസൻസ് ഫീ | 1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും, ആയത് കാലികമാക്കേണ്ടതുമാണ്.<br>2. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. | |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആശ്രയ രണ്ടാം ഘട്ടം; അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ ഏറ്റവും പിന്നുണ ആവശ്യമായ ജന വിഭാഗത്തിന് അതിജീവനത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകുക എന്നതാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാൻ ലക്ഷ്യമാക്കിയിരുന്നതും നൽകിയതുമായ ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

നീക്കിയിരുപ്പ് (31.03.2016):

പദ്ധതി (പലിശ ഉൾപ്പടെ) -23,71,794

ചലഞ്ച് (പലിശ ഉൾപ്പടെ) -14,13,303

ആകെ -37,85,097

| ഭൗതിക സൗകര്യങ്ങളുടെ വിവരം | ആവശ്യമുള്ളവരുടെ എണ്ണം | നൽകിയവരുടെ എണ്ണം |
|---|---|---|
| വീടുവെക്കാൻ സ്ഥലം | 29 | 12 |
| വീട് | 60 | 40 |
| വീട് റിപ്പയർ | 35 | 5 |
| കക്കൂസ് | - | - |
| കുടിവെള്ളം | - | - |
| തൊഴിൽ സംരംഭം | - | - |

ഒന്നാം ഘട്ട പ്രോജക്റ്റ് പ്രകാരം ഗുണഭാക്താക്കൾക്ക് മേൽ ഭൗതിക സൗകര്യങ്ങൾ നൽകുന്നതിന് വേണ്ടി ആശ്രയയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ള പദ്ധതി വിഹിതം പലിശ ഉൾപ്പടെ 23,71,794/- രൂപ (31.03.2016) അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. മതിയായ ഫണ്ട് ഉണ്ടായിട്ടും, പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് വിഭാവനം ചെയ്തിട്ടുള്ള ഭൗതിക സൗകര്യങ്ങൾ നൽകാത്തത് ഒന്നാം ഘട്ടത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതിയുടെ രണ്ടാം ഘട്ട പ്രൊജക്റ്റ് രൂപീകരണത്തിന്റെ ഗുണഭോക്താക്കളെ അംഗീകരിക്കുന്നതുൾപ്പടെയുള്ള നടപടികൾപോലും പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളെ അംഗീകരിക്കുന്നതുൾപ്പടെയുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 മരാമത്ത് പ്രവൃത്തി- ഡ്രൈനേജ് ഫോം പ്രവർത്തി അധികം അളവ് അനുവദിച്ചത്

പ്രവൃത്തി-കെട്ടുങ്ങൽ അമ്പലകടവ് റോഡിന് ഡ്രൈനേജ്

എഗ്രിമെന്റ് -46/23-2-16

കൺവീനർ -ഹംസ. ടി
വൗച്ചർ -138/31-3-16& 110/31-3-16

തുക -200000

മേൽ പ്രവൃത്തിയിൽ റോഡിന്റെ ഒരു വശത്ത് ഡ്രൈനേജ് നിർമ്മിക്കുന്നതിനും ഒരു ക്രോസ് ഡ്രെയിൻ നിർമ്മിക്കുന്നതിനും ചുവടെ ചേർത്തിരിക്കുന്ന അളവുകൾ പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്

| ഇനം | എസ്റ്റിമേറ്റ് പ്രകാരം | അളവെടുപ്പ് പ്രകാരം |
|---|---|---|
| മൺപ്പണി | Drainage-33x0.9x0.9<br>Cross drain-5x1.2x1 | 31x1.10x0.70<br>3.50x1.4x1 |
| സെന്ററിംഗ്& ഷട്ടറിംഗ് | Drainage-4x33x0.45<br>Cross drain-4x5x0.6 | 4x31x0.50<br>4x3.50x1 |
| വാൾ(RCC 1:3:6) | Drain-2x33x0.2x0.45<br>Cross drain-2x5x0.25x0.60 | 2x31x0.20x0.50<br>2x3.50x0.25x1 |

ഡ്രൈനേജിനായി ചുമർകെട്ടിയതിന് (RCC 1:3:6)മുഴവൻ നീളത്തിൻറയും ഇരുവശവും(inside &Out side)സെൻ്ററിംഗ്& ഷട്ടറിംഗ് അനുവദിച്ചത് ക്രമ പ്രകാരമല്ല ഡി.എസ് .ആർ നിരക്ക് പ്രകാരം 1 $m^2$ ന് @409.37രൂപ നിരക്ക് പ്രകാരമാണ് സെൻ്ററിംഗ്& ഷട്ടറിംഗിന് മൂല്യം കണക്കാക്കിയിട്ടുള്ളത്. മൂല്ല്യ നിർണ്ണയ പ്രകാരം ഡ്രൈനേജിനായി തയ്യാറാക്കേണ്ട സ്ഥലം 31x1.10x0.70 &3.50x1.4x1 അളവിൽ

കട്ടിംഗ് നടത്തിയതിൽ നിന്നും ഈ സ്ഥലത്ത് ഒരു വശത്ത് മണ്ണ് (പ്രതലം)ഉണ്ടെന്ന് വ്യക്തമാണ് ആയതിനാൽ ഈസ്ഥലം മണ്ണില്ലാത്ത ഭാഗമാണെന്ന് കരുതാനാവില്ല .ഈ കാരണങ്ങളാൽ ഡ്രൈനേജിനായി കെട്ടിയുണ്ടാക്കിയ ചുമരിന്റെ ഇരുവശവും ഫോം വർക്ക് പ്രവർത്തി അനുവദിച്ചത് ക്രമപ്രകാരമല്ല. ഈ ഇനത്തിന് അനുവദനീയമായ അളവ് അധികം അനുവദിച്ചത് എന്നിവ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

| അനുവദിച്ച അളവ് | അനുവദിക്കാവുന്നത് |
|---|---|
| 4x31x0.50 =62<br>4x3.5x1 =14 | 2x31x0.50 =31<br>2x3.5x1 =7 |
| ആകെ =76m2 | ആകെ =38m2 |

38m2ന്(76-38)അധികമായി അനുവദിച്ച തുക15556രൂപ (38x409.37).അധിക അളവ് അനുവദിക്കുവാനുണ്ടായ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കാത്തതിനാൽ 15556രൂപ അധിക ചെലവായി കണക്കാക്കുന്നു. ആയത് മൂല്ല്യനിർണ്ണയം നടത്തിയ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 റോഡ് ഫോർമേഷൻ- അധിക നിരക്ക് നൽകിയത്

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളിൽ റോഡ് ഫോർമേഷനായുള്ള ഹാർഡ് സോയിലുള്ള മൺപണിക്ക് ഉയർന്ന നിരക്ക് അനുവദിച്ചുകാണുന്നു.അനുവദനീയമായ നിരക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 2064/10 m3 ആണെങ്കിലും 2356/10m3 ആണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| 3.6 പുരുഷൻ@ 377<br>1.88പുരുഷൻ | 1357.20<br>706.88<br>2064.08/10m3 |

അധിക നിരക്ക് അനുവദിച്ചതുവഴി വന്ന അധിക ചെലവിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

| പ്രവർത്തിയുടെ വിവരം | ബില്ലിന്റെ വിവരം<br>ബിൽ നമ്പർ-ബിൽ തുക | അനുവദിച്ച അളവ് | അധിക ചെലവ് |
|---|---|---|---|
| പൂക്കോടൻ മുണ്ട കോട്ടപടി റോഡ് കോൺക്രീറ്റ് നിർമ്മാണം<br>പ്രൊജക്ട് -50/16<br>കൺവീനർ-കോട്ടയിൽ ബാലകൃഷണൻ<br>എംബുക്ക്-105/14-15<br>എഗ്രിമെൻ്റ്-55/14-15 | 14/21-7-15-400000 | 197.96m3 | 5780 |

| | | | |
|---|---|---|---|
| താണീരി മണിയണി റോഡ് മെറ്റലിംഗ് & ടാറിംഗ്<br>പ്രൊജക്റ്റ് -84/15<br>കൺവീനർ-കെ.മൂസ<br>എംബുക്ക്-95/14-15<br>എഗ്രിമെന്റ് -45/28-2-15 | 34/30-9-15 | 213.49 | 6234 |

ആകെ 12014 രൂപ ഈ ഇനത്തിൽ അധിക ചെലവുണ്ടായിട്ടുണ്ട്.അധിക ചെലവ് മൂല്യ നിർണ്ണയം നടത്തിയ അസി. എൻജിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-4 മണ്ണ് സംരക്ഷണ പ്രവർത്തിക്ക് സിമന്റ് ചാന്ത് ഉപയോഗിച്ച് കരിങ്കൽകെട്ട് അനുവദിച്ചത്

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തിയിൽ തറക്ക് മുകളിലുള്ള മേൽകെട്ട് സിമന്റ് ചാന്ത് ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. ഇത്തരം പ്രവർത്തികൾക്ക് ഡ്രൈ റബിൾ മേസിനറി മാത്രമേ അനുവദിക്കാറുള്ളൂ. ഉയർന്നപ്രവർത്തി ഇനം അനുവദിച്ചത് വഴി ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സന്ദർശിച്ചതിൽ മേൽ പ്രവൃത്തി ഇനം ഡ്രൈ റബിൾ മേസിനറി നടത്തി പുറത്തെ ഭാഗത്തെ വിടവുകൾ സിമന്റ് ചാന്ത് ഉപയോഗിച്ച് അടക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്നു മനസ്സിലായി.വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരം | റാന്റം റബിൾ അനുവദിച്ചതിന്റെ വിവരം | ഡ്രൈ റബിൾ മേസിനറി ആയിരുന്നെങ്കിൽ | അധിക ചെലവ് |
|---|---|---|---|
| പരുത്തി പറ്റ പട്ടികജാതി കോളനി മണ്ണ് സംരക്ഷണം<br>കൺവീനർ-ഗോപാലൻ<br>വൗച്ചർ-113/31-3-16<br>എഗ്രിമെന്റ്-29/15-16<br>എം ബുക്ക്-31/15-16 | 26.78m3@4445.51 | @2142.88 | 26.78(4445.51-2142.88) =61664 |

അധിക നിരക്ക് ഉൾപ്പെടുന്ന ഇനം അടങ്കലിൽ ഉൾപ്പെടുത്തിയതിനും ,തെറ്റായി മൂല്ല്യ നിർണ്ണയം നടത്തിയതും മൂലം ഉണ്ടായ അധികച്ചെലവ് 61664/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13/03.12.16 മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-5 പൊതുമരാമത്ത് പ്രവർത്തികൾ- നേരിടുന്ന പ്രശ്നങ്ങൾ

1. എഞ്ചിനിയറിംഗ് സ്റ്റാഫിന്റെ കുറവ്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 48.485ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 158 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി133എണ്ണം നടപാക്കി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്നതാണ്എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അംഗബലമെങ്കിലും ഒരു അസി.എഞ്ചിനീയർ, 1. ഓവർസിയർ എന്നിവർ മാത്രമാണ് ഓഡിറ്റ് കാലയളവിൽ ഉണ്ടായിരുന്നത്. മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

2.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്റ്റ് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലുംആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്റ്റ് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

3.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ മൊത്തം നടപ്പാക്കിയ 94 റോഡ് പ്രവർത്തികളിൽ10 പ്രവർത്തികൾമാത്രമാണ് ടാറിംഗ് നടത്തിയിട്ടുള്ളത് ബാക്കി 84 എണ്ണവും കോൺക്രീറ്റ് പ്രവർത്തികളാണ്.ടി പ്രവർത്തികൾ പരിശോധിച്ചതിൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നു. മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്ഇത് ചെയ്യുന്നത്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സ്ട്രങ്ത്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ

സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും മേൽ നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവർത്തികൾ -അപാകതകൾ

1.മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. .

2.പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത്നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

3.പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

4.പ്രവർത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം,അച്ഛന്റെ പേര് , ഹാജർ വിവരം , വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള വിവരങ്ങളൊന്നും ചേർത്തിട്ടില്ല എന്നുമാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും സംശയിക്കതക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

5.പ്രവർത്തിക്ക് ആവശ്യമായ എല്ലാ നിർമാണ സാധനങ്ങളും ഗുണ .സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.സിമന്റ്. കമ്പി, സ്റ്റീൽ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ.എന്നാൽ 90 % ബില്ലുകളും രശീതികളും വ്യക്തികളിൽ നിന്നുള്ളതാണ് ഹാജരാക്കിയിട്ടുള്ളത്. സിമന്റിന്റെയും സ്റ്റീലിന്റെയും ബിറ്റുമന്റെയും ബില്ലുകൾ അംഗീകൃത ഡീലർമാരിൽ നിന്നുള്ളത് ( ഫോറം 8 B പ്രകാരമുള്ളത്) ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്

6.ജി.ഒ.( പി)-259 /2010 ത. സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖപുറപ്പെടുവിക്കുകയും , തദ്ദേശ സ്വയഭരണ സ്ഥപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥപനങ്ങളിലെയും, പ്രവർത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗ രേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്.എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവൃത്തികളിലെല്ലാം അടങ്കലിൽ ഉൾപെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപ്പോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ (സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വീതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല, ചില

പ്രവർത്തികൾക്ക് പത്രപരസ്യം കൺവീനർ നൽകിയതായി കാണുന്നു.) അടിസ്ഥാനത്തിൽ അംഗീകരിക്കുകയുമാണ്ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യർമെന്റ് കമറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല, ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുകയിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല..

7.ടാറിംഗ് പ്രവർത്തികൾക്ക് ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവർത്തിയിൽ പോലും ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കിയിട്ടില്ല, പകരം ചില പ്രവൃത്തികളിൽ സിഡ്ക്കോയിൽ നിന്നുള്ള ഇൻവോയ്സ് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് .

8.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.
ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

9.സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി, മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. . മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

ഇ-ടെൻഡർ നടപ്പിലാക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നിലപാട് നിയമപരമല്ല

2015-16വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കാനായിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധ) നമ്പർ 53/2015/ തസ്വഭവ തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും ഒരു പ്രവർത്തി ഒഴികെ ബാക്കിയെല്ലാം ഗുണഭോക്തൃ കമ്മറ്റികൾ വഴിയാണ് നിർവ്വഹിച്ചതെന്ന് കാണുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 20എണ്ണം അടങ്കൽ തുക5 ലക്ഷവും അതിന് മുകളിലുള്ളവയുമാണ്. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധ) നമ്പർ 1288/2015/ തസ്വഭവ തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ എസ് ജി ഡി ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ്. സർക്കാർ നിർദേശം പാലിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-7 വിദ്യാർത്ഥികൾക്ക് പഠനോപകരണം - സബ്സിഡി ലിമിറ്റ് പാലിച്ചില്ല

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എസ്.സി / എസ്.ടി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനായുള്ള രണ്ട് പ്രോജക്ടുകളിൽ GO(MS)362/2013/Lsgd Dtd 16.11.2013 ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നത് മൂലം 183716 രൂപ അധികം ചെലവഴിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

1-എസ്.സി വിദ്യാർഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള 94/16 പ്രോജക്റ്റിന്

എസ്.സി.പി ഫണ്ട് നാല് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.63 പത്താം ക്ലാസ് വിദ്യാർഥികൾക്ക് പ്രയോജനം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. സിഡ്കോയുടെ SMCJ10549/08.03.2016 ഇൻവോയ്സ് പ്രകാരം അഞ്ഞിലി മരത്തിന്റെ 90x60x75 സൈസിലെ ടേബിൾ (വില 5053 നിരക്കിൽ), ഫൈബർ ചെയർ (വില 520 നിരക്കിൽ)എന്നിവ 63 എണ്ണം വാങ്ങുകയും ഏഴ് സ്കൂളുകൾ മുഖേന വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

2-എസ്.ടി വിദ്യാർഥികൾക്ക് പഠന ഫർണിച്ചർ വാങ്ങി നൽകുന്നതിനുള്ള 95/16 പ്രോജക്ടിന് ടി.എസ്.പി ഫണ്ട് 196850 രൂപ വകയിരുത്തിയിട്ടുണ്ട്.31 പത്താം തരം വിദ്യാർഥികൾക്ക് പ്രയോജനം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.സിഡ്കോയുടെ SMCJ10548/08.03.2016 ഇൻവോയ്സ് പ്രകാരം അഞ്ഞിലി മരത്തിന്റെ 90x60x75 സൈസിലെ ടേബിൾ (വില 5053 നിരക്കിൽ), ഫൈബർ ചെയർ (വില 520 നിരക്കിൽ) എന്നിവ 15 എണ്ണം വാങ്ങുകയും രണ്ട് സ്കൂളുകൾ മുഖേന വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

GO(MS)362/2013/Lsgd Dtd 16.11.2013 ഉത്തരവ് അനുബന്ധം 16 പ്രകാരം സബ്സിഡി സംബദ്ധിച്ച പരിഷ്കരിച്ച മാർഗരേഖ വിശദമായി പരാമർശിക്കുന്നുണ്ട്. പ്രസ്തുത മാർഗരേഖയിലെ 6.8(2) ഖണ്ഡിക പ്രകാരം പട്ടിക ജാതി/പട്ടിക വർഗ വിദ്യർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 4000 രൂപ ധന സഹായം നൽകുന്നതിന് മാത്രമാണ് അനുമതിയുള്ളത്. എന്നാൽ സർക്കാർ നിർദേശം പാലിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടപ്പിലാക്കിയത് എന്ന് വ്യക്തമാവുന്നു. സർക്കാർ ഉത്തരവ് പ്രകാരം 63 എസ്.സി വിദ്യാർത്ഥികൾക്കും, 15 എസ്.ടി വിദ്യാർത്ഥികൾക്കും ഫർണിച്ചർ നൽകുന്നതിന് പരമാവധി ചെലവഴിക്കാവുന്ന തുക 312000/- രൂപയാണ്. എന്നാൽ 495716/- രൂപ ചെലവഴിച്ചിട്ടുണ്ട്. 183716/- രൂപ അധികം ചെലവഴിച്ചത് ശ്രദ്ധയിൽ പെടുത്തുന്നു.

അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പർച്ചേസ് കമ്മിറ്റി മുഖേന ഗുണനിലവാരമുള്ള ഫർണിച്ചറുകളാണ് വാങ്ങിയത് ,ഈ കാലയളവിൽ തടിയുൽപന്നങ്ങൾക്ക് വലിയ വില വർദ്ധനവ് വന്നു , ചെലവഴിക്കാവുന്ന തുകക്ക് സർക്കാർ പരിധി നിശ്ചയിച്ചത് ശ്രദ്ധയിൽ പെട്ടില്ല എന്നുമാണ് വിശദീകരിച്ചത്. ഈ മറുപടി അംഗീകരിക്കുന്നില്ല.

അധികം ചെലവഴിച്ച തുക 183716/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-8 പൈപ്പ് കംബോസ്റ്റ്- 388497 രൂപ രണ്ട് വർഷമായിട്ടും വിനിയോഗിക്കാനായില്ല

പൈപ്പ് കംപോസ്റ്റ് സംവിധാനം ഉപയോഗിച്ച് ഗാർഹിക ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് 126/16 പ്രോജക്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ് പ്രോജക്ട് നിർവഹണം നടത്തുന്നത്. ലഭ്യമായ സംസ്ഥാന വിഹിതം പൂർണമായി വിനിയോഗിക്കാനായില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

19.7 ലക്ഷം രൂപയുടെ അടങ്കൽ വരുന്ന സാധ്യതാ റിപ്പോർട്ട് സമർപ്പിച്ച ഗ്രാമ പഞ്ചായത്തിന്റെ പ്രപ്പോസൽ മഴവനായും ശുചിത്വമിഷൻ അംഗീകരിക്കുന്നുണ്ട്. പ്രോജക്ടിനായി 13.5 ലക്ഷം രൂപ ശുചിത്വമിഷൻ ഫണ്ടും, 90000 രൂപ ബ്ലോക്ക് വിഹിതവും, 3.6 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 18 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. ശുചിത്വമിഷന്റെ 070/2012/Dsm/Dtd 20.01.2014 ഉത്തരവ് പ്രകാരം ശുചിത്വമിഷൻ വഹിക്കേണ്ട ആകെ തുകയുടെ നൽപത് ശതമാനമായ 574000 രൂപ പഞ്ചായത്തിന് അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക തനത് ഫണ്ട് അകൗണ്ടിൽ നിക്ഷേപിചിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിനായി വൗച്ചർ 338/15.02.2016 പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതം 37101 രൂപയും ടി.എസ്.സി വിഹിതം 185503 രൂപയും,ഗുണഭോക്താക്കൾ അടവാക്കിയ 24734 രൂപയും ഉൾപ്പെടെ 247338 രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് കൈമാറുകയും ചെയ്യുന്നുണ്ട്.

പ്രോജക്ടിനായി 302 ഗുണഭോക്താക്കളാണ് വിഹിതം അടവാക്കുന്നത്.302 പൈപ്പ് കംബോസ്റ്റ് സംവിധാനമാണ് സ്ഥാപിക്കുന്നത്. റാം ബയോളജിക്കൽസ് കോഴിക്കോട് എന്ന സ്ഥാപനം ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയതും ഇതേ അളവിലാണ്.

രണ്ടായിരം യൂനിറ്റ് സ്ഥാപിക്കാൻ ലക്ഷ്യമിട്ട പഞ്ചായത്തിന് കേവലം 302 എണ്ണം മാത്രമാണ് സ്ഥാപിക്കാനായത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.*പൈപ്പ് കംബോസ്റ്റ് സംവിധാനം സ്ഥാപിക്കുന്നതിനായി സർക്കാറിൽ നിന്ന് ലഭ്യമായ തുകയിൽ 388497 രൂപ രണ്ട് വർഷമായിട്ടും വിനിയോഗിക്കാനായില്ല എന്നും വ്യക്തമാവുന്നു.*

പ്രോജക്ട് ലക്ഷ്യം കൈവരിക്കാനാവാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

ശുചിത്വമിഷന്റെ 3419/C2/2015/Lsgd Dtd 29.11.2016 സർക്കുലർ പ്രകാരം ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പൈപ്പ് കംബോസ്റ്റ് സംവിധാനം ഫലപ്രദമല്ല എന്ന് വിലയിരുത്തുകയും , ഈ സംവിധാനം ഇനി മുതൽ നടപ്പിലാക്കേണ്ടതില്ല എന്ന് നിർദേശിക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽ പെടുത്തുന്നു.
നിർദ്ധിഷ്ട സമയ ക്രമത്തിനുള്ളിൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ.

I. ഗ്രാമ പഞ്ചായത്തിലെ എസ്.ടി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള 89/16 പ്രോജക്ട് നിർവഹണം നടത്തിയത് അസിസ്റ്റന്റ് സെക്രട്ടറിയാണ്.ടി.എസ്.പി. ഫണ്ട് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയത്.ബിൽ 04/23.03.2016 പ്രകാരം പ്രോജക്ടിനായി 47160 രൂപ പിൻവലിക്കുകയും നിർവഹണ ഏജൻസിയായ ക്രൂസിന് നൽകുകയും ചെയ്തിട്ടുണ്ട്.
II. ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള 86/16 പ്രോജക്ട് നിർവഹണം നടത്തിയത് സെക്രട്ടറിയാണ്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 3.5 ലക്ഷം രൂപയാണ് വകയിരുത്തിയത്.വൗച്ചർ 977/26.03.2016 പ്രകാരം പ്രോജക്ടിനായി 204359 രൂപ പിൻവലിക്കുകയും നിർവഹണ ഏജൻസിയായ ക്രൂസിന് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ട് നിർവഹണത്തിലെ അപാകത താഴെ കൊടുക്കുന്നു.

1.പ്രോജക്ട് നിർവഹണത്തിന് തെരെഞ്ഞെടുത്തത് ക്രൂസിനെയാണ്. എന്നാൽ ക്രൂസുമായി യാതൊരു കരാറും വെക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.

2.ഇൻവോയ്സ് 1057/19.03.2016 പ്രകാരം സപ്ളെ ചെയ്ത ഉപകരണങ്ങൾക്കാണ് മേൽ പരാമർശിത ബില്ല് പ്രകാരം തുക നൽകുന്നത്. എന്നാൽ ഈ മെറ്റീരിയലുകൾ 22.03.2016 ന് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായും കാണുന്നു.

3.ക്രൂസിന് തെരുവ് വിളക്ക് സ്ഥാപിക്കാനാണ് തുക നൽകുന്നത്. എന്നാൽ ക്രൂസ് തെരുവ് വിളക്ക് പഞ്ചായത്ത് നിർദേശിച്ച പോസ്റ്റുകളിൽ സ്ഥാപിക്കാതെ, സ്ഥാപിക്കാൻ ആവശ്യമായ മെറ്റീരിയലുകൾ പഞ്ചായത്തിന് സപ്ളെ ചെയ്യുകമാത്രമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് അവ സ്റ്റാക്ക് ചെയ്യാൻ സൗകര്യം ഒരുക്കി നൽകുകയും ചെയ്തുകാണുന്നു.സ്ഥാപിച്ച ശേഷം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് പകരം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് എന്തിന് എന്നും വ്യക്തമല്ല.

4.ക്രൂസിന്റെ 40/1185/19.03.2016 കത്തിൽ " ഇൻവോയ്സ് അയക്കുന്നു.പ്രവർത്തി പൂർത്തീകരിച്ച് പതിനഞ്ച് ദിവസത്തിനുള്ളിൽ ഇൻവോയ്സ് തുക ലഭ്യമാക്കേണ്ടതാണ് " എന്നാണ് ആവശ്യപ്പെടുന്നത്.എന്നാൽ സപ്ളെ ചെയ്തതിന്റെ മാത്രം അടിസ്ഥാനത്തിൽ മുഴുവൻ തുകയും അനുവദിച്ച അസിസ്റ്റന്റ് സെക്രട്ടറിയുടെ നടപടി പഞ്ചാത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാതെയാണ് എന്ന് ശ്രദ്ധയിൽപെടുത്തുന്നു.

5.ഇപ്രകാരം ക്രൂസ് സുപ്ളെ ചെയ്ത മെറ്റീരിയലുകൾ ഓഡിറ്റ് തിയ്യതിയിലും പഞ്ചായത്തിന്റെ പുതുതായി നിർമിച്ച കെട്ടിടത്തിന്റെ ഒരു ഭാഗത്ത് കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു.നാളിത് വരെ ഇവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.മാത്രമല്ല, ക്രൂസിന് ഇവ സ്ഥാപിക്കുന്നതിനായി നാളിത് വരെ ഒരു ഓർമക്കുറിപ്പ് പോലും നൽകിയതായും കാണുന്നില്ല.

6സപ്ളൈ ചെയ്ത മെറ്റീരിയിൽസുകൾക്ക് സപ്ളെ ചെയ്തത് മുതൽ 18 മാസമാണ് വാറന്റിയുള്ളത് എന്ന് വ്യക്തമാവുന്നു. നാളിതുവരെ ഇവ സ്ഥാപിക്കാത്തതിനാൽ ഒൻപത് മാസത്തെ വറന്റി ഗ്രാമ പഞ്ചായത്തിന്

നഷ്ടമാക്കി എന്ന് വ്യക്തം.

7.സപ്ളെയറുടെ മെറ്റീരിയലുകൾ സ്റ്റാക്ക് ചെയ്യുന്നതിന് വേണ്ടി പഞ്ചായത്ത് സൗകര്യം ഒരുക്കി നൽകിയത് ക്രമപ്രകാരമല്ല.സപ്ളെ ചെയ്ത മെറ്റീരിയലുകളുടെ വിവരം സപ്ളെയർ പഞ്ചായത്തിനെ അറിയിക്കുകയോ, മെറ്റീരിയലുകൾ പഞ്ചായത്ത് ഔദ്യോഗികമായി സ്വീകരിക്കുകയോ (acceptance certificate ) ചെയ്ത വിവരവും ഫയലിൽ ഇല്ല.

8.ഇൻവോയ്സ് പ്രകാരം ഫിറ്റിങ്ങ് മെറ്റീരിയലുകൾക്ക് 33903.9 രൂപയും , സി.എഫ്.എൽ വിളക്കുകൾക്ക് 5085.6 രൂപയും, ഇൻസ്റ്റലേഷൻ ചാർജ് 3000 രൂപയും ഉൾപ്പെടെയാണ് (ടാക്സ് 5170) മുപ്പത് വിളക്കുകൾക്ക് 47160 രൂപ വരുന്നത്. ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെയുള്ളയുള്ളതാണ് ഇൻവോയ്സ്. ഇത് പോലും പരിശോധിക്കാതെയാണ് തുക നൽകിയത് എന്നാണ് വ്യക്തമാവുന്നത്.

പഞ്ചായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ സപ്ളെയറുമായി കരാർവെക്കാതിരുന്നതും , സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താതെ തുക അനുവദിക്കുകയും ചെയ്തത് വീഴ്ച്ചയായി വിലയിരുത്തുന്നു.

അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ , തെരുവ് വിളക്കുകൾ ഇപ്പോൾ സ്ഥാപിച്ച് വരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തി നിർവഹിക്കുന്നത് ക്രൂസ് മുഖേനയാണോ എന്ന് വ്യക്തമല്ല. ക്രൂസിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് , വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ചെലവ് തുക 251519/- (47160+ 204359) തടസ്സം ചെയ്യുന്നു.

## 3-10 ഐ.എ.വൈ വിഹിതം അധികം അടവാക്കി

2015-16 വർഷം ചോക്കാട് ഗ്രാമ പഞ്ചായത്തിന് IAY പദ്ധതിയിൽ 82 വീടുകളാണ് അനുവദിക്കപ്പെട്ടത്.ഇതിൽ 32 എസ്.സി വീടുകളും , 11 ജനറൽ വീടുകളും, 39 മൈനോരിറ്റി വീടുകളുമാണ്.പഞ്ചായത്ത് വിഹിതം അടവാക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുക ചെലവഴിക്കുന്നുണ്ട്.

| പ്രോജക്ട് | തുക |
|---|---|
| 171/16 | 2220000 |
| 172/16 | 1020000 |
| ആകെ | 3240000 |

-ഇപ്രകാരം നൽകിയ തുകയിൽ എത്ര രൂപ വിനിയോഗിച്ചു എന്നും , എത്ര ഗുണഭോക്താക്കൾക്കാണ് പ്രോജക്ടിന്റെ ആനുകൂല്യം അനുവദിച്ചത് എന്നും, ഇനിയും വിനിയോഗിക്കാത്ത തുക എത്രയെന്നും വ്യക്തമാക്കേണ്ടതാണ്.

-മുഴുവൻ ഗുണഭോക്താക്കളും കരാർ വെക്കുകയും ആദ്യ ഇൻസ്റ്റൾമെന്റ് തുക നൽകുകയും ചെയ്തു. 10എസ്.സി വീടുകളും, ഒരു ജനറൽ വീടും, 06 ന്യൂനപക്ഷ വീടുകളും ഇനിയും പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാവുന്നു. ഇനിയും പൂർത്തിയാവാനുള്ള വീടുകൾ പദ്ധതി നിർത്തലാക്കുന്നതിന് മുമ്പ് പൂർത്തിയാക്കാൻ ഭരണസമിതി യുക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.ഇവർക്ക് യഥാസമയം അർഹമായ തുക ലഭ്യമാവുന്നു എന്ന് വി.ഇ.ഒ ഉറപ്പ് വരുത്തേണ്ടതാണ്.

കാളികാവ് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിലെ വ്യവസ്ഥകൾ പ്രകാരം എസ്.സി വിഭാഗത്തിലെ 15 വീടുകൾക്കും, ജനറൽ വീടുകൾകളിൽ 32 വീടുകൾക്കും ഗ്രാമ പഞ്ചായത്ത് ബ്ളോക്ക് വിഹിതം കൂടി അടവാക്കേണ്ടതാണ്.

| വീടുകളുടെ എണ്ണം | അടവാക്കേണ്ട തുക | തുക |
|---|---|---|

| | | |
|---|---|---|
| 35 | 20000-പഞ്ചായത്ത് വിഹിതം | 700000 |
| 47 | 52500ബ്ളേക്ക് വിഹിതം ഉൾപ്പെടെ | 2467500 |
| 82 | ആകെ | 3167500 |

എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം മുകളിൽ പരാമർശിച്ച പ്രകാരം 3240000 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. 72500 രൂപ അധികം ബ്ളോക്ക് പഞ്ചായത്തിൽ അടവാക്കിയത് ശ്രദ്ധയിൽ പെടുത്തുന്നു .യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അധികം അടവാക്കിയ തുക ക്രമീകരിക്കേണ്ടതാണ്.

## 3-11 മരുന്നുകൾ പൂർണമായി ലഭ്യമായില്ല

പരിരക്ഷാ പ്രവർത്തനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായിട്ടാണ് 09/16 പരിരക്ഷാ പ്രോജക്ടിൽ 239700 രൂപ നീക്കിവെച്ചിട്ടുള്ളത്.പ്രോജക്ട് മെഡിക്കൽ ഓഫീസറാണ് നിർവഹണം നടത്തുന്നത്.ബിൽ 06/23.03.2016 പ്രകാരം തുക മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകുന്നുണ്ട്.മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം 33 ഇനം മരുന്നുകൾക്കാണ് ഇൻഡന്റ് നൽകുന്നത്.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായിട്ടാണ് 11/16 പ്രോജക്ട്. പ്രോജക്ടിനായി പ്ലാൻ വിഹിതം 1.3 ലക്ഷം രൂപയും മെയിന്റനൻസ് നോൺ റോഡ് രണ്ട് ലക്ഷം രൂപയും ഉൾപ്പെടെ 3.3 ലക്ഷം വകയിരുത്തിയിട്ടുണ്ട്.ബിൽ 10/29.03.2016, 11/30.03.2016 എന്നിവ പ്രകാരം തുക മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകുന്നുണ്ട്.മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം 19 ഇനം മരുന്നുകൾക്കാണ് ഇൻഡന്റ് നൽകുന്നത്.

ഇപ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 569700 രൂപ നൽകുന്നുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ ആറ് ഇൻവോയ്സുകളിലായി 196591 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

അവശേഷിച്ച 373109 രൂപയുടെ മരുന്നുകൾ ലഭ്യമായ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-12 പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്ന് പ്രയോജനപെടുത്തുന്നില്ല.

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനാണ് 96/16 പ്രോജക്ട്.മെയിന്റനൻസ് നോൺ റോഡ് ഫണ്ട് രണ്ട് ലക്ഷം രൂപയും ഫിനാൻസ് ഗ്രാന്റ് ഒരു ലക്ഷം രൂപയും വകയിരുത്തിയ പ്രോജക്ട് നിർവഹണം നടത്തുന്നത് ആയുർവേദ മെഡിക്കൽ ഓഫീസറാണ്.ബിൽ 01/19.03.2016 പ്രകാരം തുക പിൻവലിച്ച് സപ്ളെയർക്ക് നൽകുന്നുണ്ട്. മെഡിക്കൽ ഓഫീസറുടെ ഇൻഡന്റ് പ്രകാരം ഔഷധിയിൽ നിന്നാണ് മരുന്ന് വാങ്ങുന്നത്.മരുന്നുകൾ പൂർണമായും ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചു.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഓഡിറ്റ് തിയ്യതിവരെ ചില മരുന്നുകൾ ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.മാത്രമല്ല, മുൻവർഷം വാങ്ങിയ മരുന്നുകൾ പോലും പൂർണമായി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും വ്യക്തമാവുന്നു.ഏതാനും വിവരം താഴെകൊടുക്കുന്നു.

| ഇനം | അവസാനം ഉപയോഗിച്ചത് | ബാലൻസ് |
|---|---|---|
| ഗോപി ചന്ദനാദി ഗുളിക | 08.09.2016 | 4600 nos |
| വില്യാദി ഗുളിക | 17.11.2016 | 3100 nos |
| ശ്യാസാനന്ദം ഗുളിക | 17.11.2016 | 3400 nos |
| വെട്ടുമാരൻ ഗുളിക | 17.11.2016 | 3200 nos |
| കൈശോര ഗുഗ്ഗുലു ഗുളിക | 08.09.2016 | 8200 nos |

ഒരു വർഷമായി സ്ഥിരം മെഡിക്കൽ ഓഫീസർ ഇല്ലാതെയാണ് ഡിസ്പെൻസറി പ്രവർത്തിക്കുന്നത് എന്ന് കാണുന്നു.ആഴ്ച്ചയിൽ ഒരിക്കൽ മാത്രമാണ് ഓ.പി നടക്കുന്നത്.ഈ സാഹചര്യം മരുന്നുകൾ പ്രയോജനപ്പെടുത്താൻ സാധ്യമല്ലാത്ത സാഹചര്യം ഉണ്ടാക്കുന്നു എന്ന് വ്യക്തമാവുന്നു.താത്കാലികമായെങ്കിലും സ്ഥിരം ഓ.പി സംവിധാനം ഉണ്ടാക്കാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

വ്യക്തമായ ആസൂത്രണവും , രോഗികളുടെ ആവശ്യകതയും, സ്ഥിരം ഡോക്ടർമാരുടെ ലഭ്യതയും അടിസ്ഥാനമാക്കിയല്ല മരുന്നുകൾക്ക് ഓർഡർ നൽകിയത് എന്ന് കാണുന്നു.സ്ഥിരമായി ഡോക്ടർ ഇല്ലാതിരുന്നിട്ടും ഇത്രയധികം മരുന്നിന് ഓർഡർ നൽകിയത് ക്രമപ്രകാരമല്ല.

വാങ്ങിയ മരുന്നുകൾ ഉപയോഗിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

## 3-13 സെക്രട്ടറിയുടെ പ്രോജക്റ്റുകൾ നിർവഹണം നടത്തുന്നില്ല.

പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന പതിനാറ് പ്രോജക്റ്റുകളാണ് ഓഡിറ്റ് വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി ആകെ വകയിരുത്തിയ തുക 20.56 ലക്ഷം രൂപയാണ്.എന്നാൽ പ്രോജക്റ്റുകളിൽ അധികവും നിർവഹണം നടത്തിയിട്ടില്ല എന്ന് സെക്രട്ടറിയുടെ ഫയൽ പരിശോധിച്ചതിൽ വ്യക്തമാവുന്നു.വകയിരുത്തിയ തുകയുടെ 24.79ശതമാനം മാത്രമാണ് വിനിയോഗിക്കാനായത് എന്നും കാണുന്നു.സെക്രട്ടറിയുടെ ആകെ പ്രോജക്റ്റ് ചെലവ് 509960 രൂപ മാത്രമാണ് .ഒൻപത് പ്രോജക്റ്റുകൾ ഉപേക്ഷിച്ചതായും വ്യക്തമാവുന്നു.എന്ത് കൊണ്ടാണ് പ്രോജക്റ്റുകൾ നിർവഹിക്കാതിരുന്നത് എന്ന് ഫയലുകളിൽ നിന്ന് വ്യക്തമല്ല.

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തയ്യാറാക്കുകയും ഫണ്ട് വകയിരുത്തുകയും അർഹമായ അനുമതികൾ ലഭ്യമാവുകയും ചെയ്തിട്ടും പ്രോജക്റ്റുകൾ ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പ്രോജക്റ്റുകൾ ഉപേക്ഷിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-14 ഭവന നിർമാണം പൂർത്തിയാക്കിയില്ല.

മുൻ വർഷം വി.ഇ.ഒ നിർവഹണം നടത്തിയ ഭവന നിർമാണ രേഖകൾ പരിശോധനയിൽ രണ്ട് ഗുണഭോക്താക്കൾ ഇനിയും നിർമാണപ്രവർത്തി പൂർത്തിയാക്കി തുടർന്നുള്ള ധനസഹായ തുക കൈപറ്റിയിട്ടില്ല എന്ന് കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു.

1.സാജിത മാട്ടുമ്മൽ .വാർഡ് മൂന്ന്. ഇത് വരെ 1.35 ലക്ഷം രൂപ കൈപറ്റിയിട്ടുണ്ട്. അവസാനമായി ധനസഹായം വാങ്ങുന്നത് 21.01.2016 നാണ്.ഈ ഗുണഭോക്താവിന്റ ഭവന നിർമാണ പുരോഗതി , തുടർന്നുള്ള ധനസഹായ തുക അനുവദിച്ച വിവരവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2.രജനി അഭിലാഷ് കുമാർ . വാർഡ് ആറ്. ഇത് വരെ 90000 രൂപ കൈപറ്റിയിട്ടുണ്ട്. അവസാനമായി ധനസഹായം വാങ്ങുന്നത് 14.08.2014 നാണ്.ഈ ഗുണഭോക്താവിന്റ ഭവന നിർമാണ പുരോഗതി , തുടർന്നുള്ള ധനസഹായ തുക അനുവദിച്ച വിവരവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| കാളികാവ് | 90000 | കാലിത്തീറ്റ വിതരണം | 90000 | -- |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | |
| കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | 200000 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | -- |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 200000 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | -- |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

4-4. വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല.

4-5. സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

4-6. ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | പണം അടവാക്കിയ വ്യക്തി |
|---|---|---|---|
| 2011-12 & 2012-13 | 2-2.2 | 1744 | അബ്ദുൽ കരീം |
| 2011-12 & 2012-13 | 2-1.1 | 360 | ഹാഫിസ് |
| 2011-12 & 2012-13 | 2-1.1 | 360 | അരവിന്ദാക്ഷൻ |
| 2011-12 & 2012-13 | 2-1.1 | 120 | ഹാജിറ |
| 2011-12 & 2012-13 | 2-1.1 | 750 | റജീബ് |
| 2011-12 & 2012-13 | 2-1.1 | 1050 | ജാബിർ |
| 2011-12 & 2012-13 | 2-2.1 | 4632 | ഹൈദ്രു |
| 2001-02 | 2-8 | 1700 | മാനേജർ, ആസ്പിൻവാൾ |
| 2011-12 & 2012-13 | 2-1.2 | 1250 | മാനേജർ, മാവേലി സ്റ്റോർ |
| 2011-12 & 2012-13 | 2-1.2 | 2500 | മാനേജർ, മാവേലി സ്റ്റോർ |
| 2001-02 | 2-5 | 1270 | അബ്ദുൽ കരീം |
| 2011-12 & 2012-13 | 2-1.1 | 1490 | -- |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-8. ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62002543 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86249622 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 272950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 251519 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 15556 | സുബിൻ എസ്.ജെ, അസി.എൻജിനീയർ |
| 3-3 | | 12014 | സുബിൻ എസ്.ജെ, അസി.എൻജിനീയർ |
| 3-5 | | 61664 | സുബിൻ എസ്.ജെ, അസി.എൻജിനീയർ |
| 3-7 | | 183716 | ജോർജ് മാനുൽ, ഹെഡ്മാസ്റ്റർ |
| ആകെ | | 272950 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 47160 | രേഖ.കെ , അസി. സെക്രട്ടറി |
| | 204359 | സിദ്ധീഖ് വടക്കൻ, സെക്രട്ടറി. |
| ആകെ | 251519 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുബിൻ എസ്.ജെ, അസി.എൻജിനീയർ | അസി. എൻജിനീയർ, LSGD, Kalikav Sub Division | എസ്.ജെ. വില്ല, ഞാവേലിക്കോണം, കിളിമാനൂർ, തിരുവനന്തപുരം |

| | | |
|---|---|---|
| ജോർജ് മാന്വൽ, ഹെഡ്മാസ്റ്റർ | വിരമിച്ചു | അരുമയിൽ, പന്നിക്കോട്ടുമുണ്ട, ചോക്കാട് പി.ഒ, മലപ്പുറം. |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം. 15/1580/05, 11.072006 | 3 | |
| 2001-02 | എൽ.എഫ്.എം. 15/1062/07, 06.02.2009 | 27 | |
| 2002-03 | എൽ.എഫ്.എം. 15/934/05, 06.02.2009 | 11 | |
| 2003-04 | എൽ.എഫ്.എം. 15/935/09, 13.01.2009 | 16 | |
| 2004-05 | എൽ.എഫ്.എം. 15/1892/2008, 12.08.2010 | 39 | |
| 2005-06 | എൽ.എഫ്.എം. 06/405/2011, 30.10.2011 | 26 | |
| 2006-07 | എൽ.എഫ്.എം. 05/1131/2009, 29.07.2011 | 25 | |
| 2007-08 | എൽ.എഫ്.എം. 06/1195/2011, 02.09.2011 | 14 | |
| 2008-09 | എൽ.എഫ്.എം. 06/295/2012, 29.03.2012 | 18 | |
| 2009-10 | എൽ.എഫ്.എം. 06/296/2012, 04.02.2012 | 25 | |
| 2010-11 | എൽ.എഫ്.എം. 06/916/2012, 28.05.2012/13.07.2012 | 23 | |
| 2011-12 & 2012-13 | കെ.എസ്.എ/എം.പി.എം.6 /1526/2015, 31.08.2015 | 23 | |
| 2013-14 &2014-15 | കെ.എസ്.എ/എം.പി.എം.6 /2111/2016, 09.08.2016 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം. I

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ/എം പി എം/26/3448/2016

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 06.02.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചോക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

ANNEXURE. I

AUDIT CERTIFICATE – 2015-16

No. KSA/MPM/26/3448/2016

Kerala State Audit Department,
District Office, Malappuram.
Date 06.02.2017

Certified that I have Audited the Annual Financial Statement of Chokkad Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Chokkad Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department
District Office, Malappuram.